**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3864** **03-03-2023 - ൽ മറുപടിയ്ക്ക്**

**ദേശീയ ജലപാത വികസനം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ദേശീയ ജലപാത വികസനം നടപ്പിലാക്കുന്നതിന്റെ പുരോഗതി വിശദമാക്കാമോ; | (എ) | കോവളം മുതൽ ബേക്കൽ വരെ 616 കി.മീ നീളത്തിലുള്ള പശ്ചിമതീര കനാൽ എന്നറിയപ്പെടുന്ന ജലപാതയിൽ കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള 328 കി.മീ. ജലപാതയാണ് ദേശീയ ജലപാത-3 (National Waterway III) ആയി പ്രഖ്യാപിച്ചിട്ടുള്ളത്. കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ ബേക്കൽ വരെയും സംസ്ഥാന ജലപാതയാണ്.<br><br>ദേശീയ ജലപാതാ അതോറിറ്റി (IWAI) യുടെ അധീനതയിലുള്ള കൊല്ലം മുതൽ കോഴിക്കോട് വരെ 328 കി.മീ. ദൈർഘ്യം വരുന്ന ദേശീയ ജലപാത-3ലെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ദേശീയ ജലപാതാ നിലവാരത്തിൽ ഗതാഗത യോഗ്യമാക്കിയിട്ടുണ്ടെങ്കിലും പൂർണ്ണമായും ദേശീയ ജലപാതാ നിലവാരത്തിലേക്ക് എത്തുന്നതിനായി കൊല്ലം ജില്ലയിലെ ചവറ കോവിൽത്തോട്ടത്ത് ഒരു നടപ്പാലവും, ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴയിൽ ഒരു നാവിഗേഷൻ ലോക്ക് കം ബ്രിഡ്ജും പുനർ നിർമ്മിക്കേണ്ടതുണ്ട്. നാവിഗേഷൻ ലോക്കിന്റെ നിർമ്മാണം ദേശീയ ജലപാതാ അതോറിറ്റിയുടെ ഡെപ്പോസിറ്റ് ഫണ്ട് ഉപയോഗിച്ച് ഉൾനാടൻ ജലഗതാഗത വകുപ്പ് ഏറ്റെടുത്ത് നടത്തി വരുന്നുണ്ട്. നടപ്പാലം പുനർനിർമ്മാണത്തിനും നടപടി സ്വീകരിച്ചു വരുന്നു.<br><br>കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ 160 കി.മീ. ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പൂർണ്ണതോതിൽ ഗതാഗത യോഗ്യമാകുന്നതിനായി നിരവധി പാലങ്ങളും റഗുലേറ്ററുകളും പുതുക്കിപ്പണിയേണ്ട തായിട്ടുണ്ട്. പ്രസ്തുത 160 കി.മീ. ജലപാത ദേശീയ ജലപാതാ നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിന്റെ ഭാഗമായി ദേശീയ ജലപാതാ അതോറിറ്റി വിശദമായ പദ്ധതി രേഖ (ഡി.പി.ആർ) തയ്യാറാക്കിയിട്ടുള്ളതും അതിന്മേലുള്ള സംസ്ഥാനത്തിന്റെ അഭിപ്രായം IWAI യെ |

അറിയിച്ചിട്ടുള്ളതുമാണ്. ഡി.പി.ആർ-ന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമെ പ്രസ്തുത ഡി.പി.ആർ പ്രകാരമുള്ള വികസന പദ്ധതികൾ നടപ്പാക്കാൻ സാധിക്കുകയുള്ളൂ.

ദേശീയ ജലപാതയിൽ മലപ്പുറം ജില്ലയിലൂടെ കടന്ന് പോകുന്ന ജലപാതയുടെ പൊന്നാനി ചേറ്റുവ കനാലിന്റെ തുടക്ക ഭാഗമായ വെളിയംകോട് ഭാഗത്ത് നബാർഡിന്റെ ധനസഹായത്തോടെ ഒരു നാവിഗേഷൻ ലോക്ക് കം ബ്രിഡ്ജ് നിർമ്മാണത്തിനായുള്ള നടപടികൾ ഉൾനാടൻ ജലഗതാഗത വകുപ്പ് സ്വീകരിച്ചു വരുന്നു. ദേശീയ ജലപാത 3-ന്റെ ഭാഗമായ പൊന്നാനി ചേറ്റുവ കനാൽ 12.698 കി.മീ. നീളത്തിൽ ആഴംകൂട്ടൽ പ്രവൃത്തി സംസ്ഥാന പ്ലാൻ വിഹിതം ഉപയോഗിച്ച് പൂർത്തീകരിച്ചിട്ടുണ്ട്.

സംസ്ഥാന ജലപാതയുടെ ഭാഗമായ കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ നീലേശ്വരം - ബേക്കൽ വരെയും നടന്നുവരുന്ന പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

**<u>കോവളം - കൊല്ലം</u>**

| | |
|---|---|
| 1 | കോവളം മുതൽ പള്ളിത്തുറ വരെ കനാലിന്റെ വീതി 35 മീറ്റർ ആക്കുന്നതിനായി അതിർത്തി കല്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. |
| 2 | പനത്തുറ സ്റ്റീൽ പാലത്തിന്റെ നിർമ്മാണം പ്രദേശ വാസികളുടെ എതിർപ്പിനെ തുടർന്ന് തടസ്സപ്പെട്ടിരിക്കുകയാണ്. പുത്തൻപാലം സ്റ്റീൽ പാലത്തിന്റെ നിർമ്മാണം ലാന്റ് അക്വിസിഷൻ പൂർത്തിയാകുന്നമുറയ്ക്ക് ആരംഭിക്കുവാൻ കഴിയും. |
| 3 | ടി. എസ്. കനാലിനു കുറുകെ കരിക്കകം സ്റ്റീൽ പാലത്തിന്റെ നിർമ്മാണം പുരോഗതിയിലാണ്. |
| 4 | പള്ളിത്തുറ മുതൽ കഠിനംകുളം കായൽ വരെയുള്ള ഭാഗത്ത് കല്ലിടൽ പ്രവൃത്തി നടന്നു വരുന്നു. |
| 5 | വേളി പൗണ്ട് കടവ് ഭാഗത്ത് കനാലിന്റെ വീതിയും ആഴം കൂട്ടൽ പ്രവൃത്തിയും പുരോഗമിച്ചു വരുന്നു. |
| 6 | സെന്റ് ആൻഡ്രൂസ് പാലത്തിന്റെ നിർമ്മാണം പുരോഗതിയിലാണ്. |
| | |

| | |
|---|---|
| 7 | അനക്കപ്പിള്ള മുതൽ ചാന്നാങ്കര വരെയുള്ള പ്രവൃത്തി 80% പൂർത്തീകരിച്ചു. |
| 8 | ചാന്നാങ്കര പാലത്തിന് സമീപമുള്ള തീരസംരക്ഷണ പ്രവൃത്തി കരാർ ഒപ്പ് വെച്ചിട്ടുണ്ട്. |
| 9 | ചിലക്കൂർ ടണൽ ഉൾപ്പെടുന്ന ഭാഗത്തിന്റെ പ്രവൃത്തിയിൽ ടണൽ ക്ലീനിംഗ് പൂർത്തീകരിക്കുകയും അനുബന്ധ പ്രവൃത്തികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. |
| 10 | വർക്കല റാത്തിക്കൽ ജുമാമസ്ജിദിന് സമീപം പാർശ്വഭിത്തി നിർമ്മാണത്തിന്റെ ദർഘാസ് നടപടികൾ പൂർത്തീകരിച്ചു. ടി. ഭാഗത്തെ ഡ്രെയിൻ നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. |
| 11 | പരവൂർ മുതൽ ഇരവിപുരം വരെയുള്ള കനാലിന്റെ ആഴംകൂട്ടൽ പ്രവൃത്തി പുരോഗതിയിലാണ്. |
| 12 | കച്ചിക്കടവ് മുതൽ ജലകേളീകേന്ദ്രം വരെയുള്ള വികസന പ്രവൃത്തികൾ പുരോഗതിയിലാണ്. |
| 13 | കല്ലുപാലം പണി പൂർത്തീകരിച്ചു. |
| 14 | കഠിനംകുളം, അരിവാളം, വള്ളക്കടവ് എന്നീ ബോട്ടുജെട്ടികളുടെ നിർമ്മാണം പുരോഗതിയിലാണ്. |

**ടൂറിസം പ്രവൃത്തികൾ**

1. മുരുക്കുംപുഴ ബോട്ടുജെട്ടി നിർമ്മാണം, പുത്തൻകടവ് ബോട്ടുജെട്ടി നിർമ്മാണം, പണയിൽകടവ് ബോട്ടുജെട്ടി നിർമ്മാണം - പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറി.

2. കായിക്കരകടവ് ബോട്ടുജെട്ടി നിർമ്മാണം - പ്രവൃത്തി ആരംഭിച്ചു.

**കോഴിക്കോട് (വടകര) മുതൽ നീലേശ്വരം - ബേക്കൽ വരെ**

റീച്ച്-1 (4കി.മീ.) - 35% പ്രവൃത്തി പൂർത്തിയായി. ബാക്കി പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

റീച്ച് - 2- (3.30 km ) -പൂർത്തിയായി

റീച്ച്-3 - (3.24 km ) - 50% പൂർത്തിയായി ഉയർന്ന ഭാഗങ്ങളിലെ സംരക്ഷണ പ്രവൃത്തിക്കായി LBS

തയ്യാറാക്കിയ ഡിസൈൻ പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

റീച്ച് - 4 - (3.59 km ) - 90% പൂർത്തിയായി

റീച്ച് - 5 - (3.48 km ) - 70% പൂർത്തിയായി.

കരിങ്ങാലിമുക്ക് ലോക്ക് കം ബ്രിഡ്ജ്, മൂഴിക്കൽ ലോക്ക് കം ബ്രിഡ്ജ്, വെങ്ങോലിപാലം എന്നിവയുടെ പ്രവൃത്തി പുരോഗമിച്ചു വരുന്നു. 13 നടപ്പാലങ്ങളിൽ 11 എണ്ണം പൂർത്തിയായി ശേഷിച്ചവയുടെ പ്രവൃത്തി പുരോഗമിച്ചു വരുന്നു.

കോഴിക്കോട് ജില്ലയിലെ അഴിയൂർ പഞ്ചായത്തിൽ മാഹി പുഴയുടെ ഇടത് കരയിൽ വരയിൽതാഴെ എന്ന സ്ഥലത്ത് ബോട്ടു ജെട്ടി നിർമ്മാണ പ്രവൃത്തിയുടെ 50% പൂർത്തീകരിച്ചു.

കോഴിക്കോട് ജില്ലയിലെ എടച്ചേരി പഞ്ചായത്തിൽ മാഹി പുഴയുടെ ഇടത് കരയിൽ കായപ്പനച്ചി എന്ന സ്ഥലത്ത് ബോട്ടു ജെട്ടി നിർമ്മാണ പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചു.

കോഴിക്കോട് ജില്ലയിലെ എടച്ചേരി പഞ്ചായത്തിൽ മാഹി പുഴയുടെ ഇടത് കരയിൽ കച്ചേരി എന്ന സ്ഥലത്ത് ബോട്ടു ജെട്ടി നിർമ്മാണത്തിന് ഭരണാനുമതി നല്കിയിരുന്നെങ്കിലും നിരക്ക് പരിഷ്കരണത്തെ തുടർന്ന് എസ്റ്റിമേറ്റ് പുതുക്കിയതിനാൽ പുതുക്കിയ ഭരണാനുമതി നൽകേണ്ടതുണ്ട്.

കോവളം-ബേക്കൽ ജലപാതയിലെ മാഹി-വളപട്ടണം കനാലിന്റെ ഭാഗമായി രണ്ടാം കട്ടിന്റെയും മൂന്നാം കട്ടിന്റെയും ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടി നടന്നു വരുന്നു.

തലശ്ശേരി മുനിസിപ്പാലിറ്റിയിൽ എരഞ്ഞോളി പാലത്തിനു സമീപം ഭരണാനുമതി നല്കിയ ബോട്ടുജെട്ടി നിർമ്മാണ പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചു.

തലശ്ശേരി മുനിസിപ്പാലിറ്റിയിൽ പുതിയ ബൈപ്പാസ് പാലത്തിനു സമീപം കണ്ടിക്കലിൽ ബോട്ടുജെട്ടി നിർമ്മാണ പ്രവൃത്തിയുടെ 50% പൂർത്തീകരിച്ചു.

എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ കാളിപാർക്കിനു സമീപം ബോട്ടുജെട്ടി നിർമ്മാണ പ്രവൃത്തിയുടെ 50% പൂർത്തീകരിച്ചു.

ധർമ്മടം പഞ്ചായത്തിൽ ഒഴയിൽഭാഗം ബോട്ടുജെട്ടി നിർമ്മാണ പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചു.

| | | | |
|---|---|---|---|
| | | | കാസറഗോഡ് ജില്ലയിൽ നിലവിൽ കൊറ്റി മുതൽ നീലേശ്വരം കോട്ടപ്പുറം വരെ ജലപാതയുണ്ട്. കോവളം - ബേക്കൽ ജലപാതയിലെ നീലേശ്വരം മുതൽ ചിത്താരി വരെയുള്ള ജലപാതയുടെ അലൈൻമെന്റ് പൂർത്തീകരിച്ചു. നീലേശ്വരത്തിനും ചിത്താരിക്കും ഇടയിൽ കൃത്രിമ കനാലും നമ്പ്യാർക്കൽ ഭാഗത്ത് നാവിഗേഷൻ ലോക്കും നിർമ്മിക്കുന്നതിനായി 124 ഏക്കർ സ്ഥലം കിഫ്ബി ധനസഹായത്തോടെ ഏറ്റെടുക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്. |
| (ബി) | ദേശീയ ജലപാത വികസനത്തിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ നടക്കുന്ന പ്രവൃത്തികളുടെ വിശദാംശം നൽകാമോ; | (ബി) | ജലപാത വികസനത്തിന്റെ ഭാഗമായി കാസറഗോഡ് ജില്ലയിൽ നീലേശ്വരം കോട്ടപ്പുറം മുതൽ ചിത്താരി വരെയാണ് ജലപാത നിർമ്മിക്കേണ്ടത്. ഇതിനായി നീലേശ്വരം പുഴയെയും ചിത്താരി പുഴയെയും ബന്ധിപ്പിച്ചു കൊണ്ട് 6.5 കി.മീ നീളത്തിൽ പുതിയ കനാൽ വിഭാവനം ചെയ്തിട്ടുണ്ട്. നമ്പ്യാർക്കല്ലിൽ ഡൈവേർഷൻ കനാലിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനും മേൽ പറഞ്ഞ പുതിയ കനാൽ നിർമ്മാണത്തിനുമുള്ള സ്ഥലം ഏറ്റെടുക്കുന്നതിനായി 178,15,18,655/- രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടി റവന്യൂ വകുപ്പുമായി ചേർന്ന് ആരംഭിച്ചിട്ടുണ്ട്. കൂടാതെ നീലേശ്വരം പുഴയിലെയും ചിത്താരിപുഴ യിലെയും ഉയരം കുറഞ്ഞ പാലങ്ങൾ പുനർനിർമ്മിക്കുന്നതിനാവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീ കരിച്ച് ഡിസൈൻ ലഭിക്കുന്നതിനായി ഐ.ഡി.ആർ.ബി-യിൽ സമർപ്പിച്ചിട്ടുണ്ട്. നമ്പ്യാർക്കൽ ലോക്ക് കം ബ്രിഡ്ജിന്റെ ഡിസൈൻ ലഭ്യമായിട്ടുണ്ട്. അരയി-കോട്ടക്കടവിൽ നിലവിലുള്ള തൂക്കുപാലം പൊളിച്ച് പുതിയ ഫൂട്ട് ബ്രിഡ്ജിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ജലപാത വികസനത്തിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ ഏതൊക്കെ പാലങ്ങളാണ് പുനർനിർമ്മിക്കേണ്ടിവരുന്നത്; ആയതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | നീലേശ്വരം പുഴയിലെ മാട്ടുമ്മൽ കടുഞ്ഞിമൂല ഫൂട്ട് ബ്രിഡ്ജ്, നീലേശ്വരം എൻ.എച്ച്. ബ്രിഡ്ജ്, അരയിപാലം, അരയി കോട്ടക്കടവ് തൂക്കുപാലം, ചിത്താരി പുഴയിൽ കോടാട്ട് വി.സി.ബി. കം ബ്രിഡ്ജ്, അള്ളംകോട് പാലം എന്നിവയാണ് അടിയന്തരമായി പുനർ നിർമ്മിക്കേണ്ടത്. മാട്ടുമ്മൽ കടിഞ്ഞിമൂല ഫൂട്ട് ബ്രിഡ്ജ് പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്ത് പുതിയ പാലത്തിന്റെ പ്രവൃത്തി നടത്തുന്നുണ്ട്. അരയികോട്ടക്കടവ് തൂക്കുപാലം ഇൻലാന്റ് നാവിഗേഷന്റെ കീഴിൽ പൊളിച്ചു പണിയാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോടാട്ട് വി.സി.ബി. കം ബ്രിഡ്ജ്, അള്ളംകോട് പാലം എന്നിവയുടെ ഡിസൈൻ തയ്യാറാക്കുന്ന ജോലി IDRB യിൽ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ